കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.co.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/ബി &ഡി/ 1995/ 2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം,

തീയതി: 17.10.2017

Phone No: 0471-2331231

Email: lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ്/സെക്രട്ടറി മുഖേന

ചിറയിൻകീഴ്ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ

ദഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1), ചട്ടം 20, 23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) , (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

3) ഓഫീസ് കോപ്പി.

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം/ബി &ഡി/ 1995/ 2017 തീയതി: 17.10.2017

## തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.മോഹനൻപിള്ള.വി.എം. ജോയിന്റ് ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 09.10.2017മുതൽ 13.10.2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : 1.ശ്രീമതി.ലേഖ.എം.എൽ,(സീനിയർഗ്രേഡ്.ഓഡിറ്റർ)
2. ശ്രീ.എസ്.സുജേഷ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)

3. ശ്രീ.ശരത്.ജെ.ശങ്കർ (ഓഡിറ്റർ)

(1) നിർവ്വഹണാധികാരികളുടെ വിവരങ്ങൾ

| പേര് | | കാലയളവ് |
|---|---|---|
| പ്രസിഡന്റ്, | ശ്രീ ആർ സുഭാഷ് | 01.04.16 – 31.03.17 |
| സെക്രട്ടറി, | ശ്രീ.റ്റി.അബ്ദുൾ സലാം | 01.04.16 – 15.06.16 |
| | ശ്രീ.ഫെയിസി | 16.06.16 – 03.08.16 |
| | ശ്രീ.എ.ജയകുമാർ | 04.08.16 – 31.03.17 |

(2) നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

| തസ്തിക | പേര് | കാലയളവ് | മേൽവിലാസം |
|---|---|---|---|
| സെക്രട്ടറി, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | ശ്രീ.റ്റി.അബ്ദുൾ സലാം | 01.04.16 –15.06.16 | ആഷിക് മൻസിൽ, കെ.എസ്.പുരം പി.ഒ കരുനാഗപ്പള്ളി |
| | ശ്രീ.ഫെയിസി | 16.06.16 – 03.08.16 | എസ്.എസ്.മൻസിൽ, ഇടപ്പന, പുതുക്കോട് കുന്നിൽ.പി.ഒ,കൊല്ലം |
| | ശ്രീ.എ.ജയകുമാർ | 04.08.16 – 31.03.17 | ജയദേവ്, അമ്പലമുക്ക്, കവടിയാർ.പി.ഒ തിരുവനന്തപുരം |
| അസി.എക്സി.എഞ്ചിനീയർ, LSGD | ശ്രീ.റ്റി.വി.അശോക് കുമാർ | 01.04.16-26.05.16 F.N | റ്റി.സി.13/1765(3), മിഥില,മുറിഞ്ഞപാലം, മെഡിക്കൽ കോളേജ് തിരുവനന്തപുരം. |
| | ശ്രീ.ഗിരീഷ് കുമാർ | 26.05.16-11-07.16 A.N | രാജഗിരി, തോട്ടയ്ക്കാട് പി.ഒ, കല്ലമ്പലം, പിൻ- 695605 |

| | | | |
|---|---|---|---|
| | | | |
| | ശ്രീമതി.ഫാത്തിമ | 12.07.16-19.09.16 | TC 6/202 (2)<br>നേതാജി റോഡ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം-13 |
| | ശ്രീ.സാം വിദ്യാനാഥ് | 20.09.16-31.03.17 | ലക്ഷ്മി, MMRA-14A,<br>മുക്കോല, നെട്ടയം |
| AD (Agri) | ശ്രീമതി.രേഖ | 01.04.16-31.03.17 | AD (Agri), ആറ്റിങ്ങൽ<br>റ്റി.സി.27/2262<br>കോൺവെന്റ് ലെയ്ൻ, സ്റ്റ്യാച്യു റോഡ്,<br>തിരുവനന്തപുരം. |
| C.D.P.O | ശ്രീമതി.കല | 01.04.16-31-03-17 | സ്മരണ, ജനതാറോഡ്, ചെമ്പഴന്തി പി.ഒ |

| | | | |
|---|---|---|---|
| M.O,CHC,<br>Anchuthengu | ഡോ.ശ്യാംജി. വോയിസ്. | 01.04.16-<br>31.03.17 | ഗേളി മഹൽ<br>പുന്നമൂട്, വർക്കല. |
| Supdt.Chirayinkil Taluk Head Quarters Hospital | ഡോ.ഗീത | 01.04.16-31.03.17 | ചെറുകോണത്ത് വീട്<br>മുണ്ടയിൽ,<br>വർക്കല.പി.ഒ. |
| ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ഗൗരി പി | 01.04.16-31.03.17 | E9- ശാന്തിനഗർ, കരമന |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.ജി.ആനന്ദൻ | 01.04.16 –16.11.16 F.N | മുടിയിൽകുന്നിൽ,<br>അരുകളിക്കൽ, വടക്കടത്തുകാട്, അടൂർ |
| | ശ്രീ.സണ്ണിക്കുട്ടി | 16.11.16-31.03.17 A.N | വരാപ്പുത്രയിൽ,<br>വെള്ളാവൂർ പി.ഒ,<br>കണ്ടഴ,കോട്ടയം |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം 2 | | | |
| ഇല്ല | | | |

| ഭാഗം 3 | | | |
|---|---|---|---|
| 12 | മാലിന്യ സംസ്കരണ പ്ലാന്റ്- തുടർനടപടികൾ സ്വീകരിക്കുന്നില്ല. ചെലവ് തുക സുലേഖ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിച്ചില്ല | 3-1 | |
| 13 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവർത്തികൾ- കരാറുകൾ അപൂർണ്ണം | 3-2 | |
| 14 | ചെലവ് വൗച്ചർ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. | 3-3 | |
| 15 | ഐ.എ.വൈ ഭവന പദ്ധതി- നാളിതുവരെ നിർമ്മാണം പൂർത്തിയാക്കാത്ത വീടുകൾ 248 എണ്ണം | 3-4 | |

| | | | |
|---|---|---|---|
| 16 | ട്രൈസ്കൂട്ടർ വിതരണം- ലേണേഴ്സ് ലൈസൻസ് ഇല്ലാത്തവർക്ക് ആനുകൂല്യം നൽകി | 3-5 | |
| 17 | അംഗപരിമിതർക്ക് സർജിക്കൽ ഉപകരണം വാങ്ങൽ- വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്യാനായില്ല | 3-6 | |
| 18 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങൽ- ആവശ്യകത നിർണ്ണയിക്കാതെ ഉപകരണങ്ങൾ വാങ്ങി | 3-7 | |
| 19 | പത്താം ക്ലാസ്/ഹയർ സെക്കണ്ടറി തുല്യതാ പഠനം- പരീക്ഷയെഴുതിയവരുടെ വിവരം ഫയലിൽ ലഭ്യമല്ല | 3-8 | |
| 20 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ- സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. | 3-9 | |
| 21 | ചെലവ് രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു | 3-10 | |
| 22 | ചെലവ് രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു | 3-11 | |
| 23 | പാലിയേറ്റീവ് കെയർ പ്രോജക്ട് - മരുന്ന് ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. | 3-12 | |
| 24 | മരുന്ന് വാങ്ങൽ പ്രോജക്ട് - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-13 | |
| ഭാഗം -4 | | | |
| 23 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ) | 4-1 | |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ) | 4-2 | |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 26 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 28 | ഓഡിറ്റ് റിക്കവറി | 4-6 | |
| 29 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബഡ്ജറ്റ് 03-03-2016 ലെ I-ാം തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 381382719/- രൂപയും, പ്രതീക്ഷിത ചെലവ് 376928719/- രൂപയും നീക്കിയിരിപ്പ് 4454000/-രൂപയുമാണ്. ബജറ്റിന്റെ വിശദാംശങ്ങൾ ജനറൽ കമ്മിറ്റി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 31.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 12-10-2017 | - |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയുയെ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 39751262 |
| വരവ് | 83738423 |
| ആകെ | 123489685 |
| ചെലവ് | 80647056 |
| നീക്കിയിരിപ്പ് | 42842629 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19552396 | 19552396 | 19552396 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 11979136 | 11979136 | 11979136 | 0 |
| റ്റി.എസ്.പി | 0 | 7845 | 7845 | 7845 | 0 |
| മെയിന്റനൻസ് ഗ്രാന്റ് | 0 | 3911106 | 3911106 | 3911106 | 0 |
| MNREGS | 5246 | 265149 | 270395 | 270395 | 0 |
| തനത് ഫണ്ട് (ഐ.ഒ.ബി ശാർക്കര) | 2184878 | 8820698 | 11005576 | 8934896 | 2070680 |
| TSB A/c | 3671095 | 3303996 | 6975091 | 2217107 | 4757984 |
| ഐ.എ.വൈ (ഐ.ഓ.ബി ശാർക്കര) 4695 | 12075479 | 1512053 | 13587532 | 9956768 | 3630764 |
| ഐ.എ.വൈ (ഐ.ഓ.ബി ശാർക്കര) 60529 | 21785506 | 34379202 | 56164708 | 23788349 | 32376359 |
| IWMP (IOB | 0 | 6842 | 6842 | 0 | 6842 |

| | | | | | |
|---|---|---|---|---|---|
| ആന്യപ്പാറ) 10600 | | | | | |
| IAY അഡ് മിനിസ്റ്റേഷൻ | 29058 | 0 | 29058 | 29058 | 0 |

നോട്ട് എ) ഇ.എം.എസ് + ഐ.എ.വൈ ലോൺ ഔട്സ്റ്റാന്റിംഗ് വാർഷിക ധനകാര്യ പത്രിക പ്രകാരം 7692905 രൂപയാണ്. രജിസ്റ്റർ പ്രകാരം 6906110 രൂപയെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 786795 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

ബി) സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2016-17 വർഷം നടപ്പിലാക്കിയ പ്രോജക്ട് നമ്പർ- S0040/17 ( പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം) പ്രകാരം 68497/- രൂപ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയത് പദ്ധതി ചെലവിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 66 | 39 | 6 | 21 | 59 |

## 1-7 തനത് വരുമാനം

ഇല്ല.

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

ഇല്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് രാജ് യോഗ നടപടിക്രമം) ചട്ടങ്ങളിലെ

ചട്ടം 26(6) പ്രകാരം പഞ്ചായത്ത് യോഗത്തിൽ പാസ്സാക്കിയ എല്ലാ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ പഞ്ചായത്ത് അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. കൂടാതെ പ്രസ്തുത ചട്ടത്തിലെ ചട്ടം 10 പ്രകാരം അദ്ധ്യക്ഷൻ അംഗീകരിച്ച യോഗനടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻതന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതാണ്. എന്നാൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 28-02-2017, 21-03-2017 (ബജറ്റ് അംഗീകരിച്ച കമ്മിറ്റി), 28-03-2017 (ബജറ്റ്), 11-04-2017, 06-05-2017, 30-05-2017, 14-06-2017, 12-07-2017, 25-07-2017, 16-08-2017 എന്നീ തീയതികളിൽ ചേർന്ന കമ്മിറ്റി യോഗങ്ങളുടെ മിനിട്സ് നാളിതുവരെ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വീക്ഷിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-07-2016 | 2015-16 | 19-10-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05-09-2016 | 07/14 മുതൽ 07/16 വരെ | റിപ്പോർട്ട് ലഭിച്ചില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

- •

ഇല്ല.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാലിന്യ സംസ്കരണ പ്ലാന്റ്- തുടർനടപടികൾ സ്വീകരിക്കുന്നില്ല. ചെലവ് തുക സുലേഖ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിച്ചില്ല

പ്രോജക്ട് നമ്പർ - S0040/17

പ്രോജക്ടിന്റെ പേര് - പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം

അടങ്കൽ - 3091891

ചെലവ് - 68497 (ചെക്ക് നമ്പർ 2368920/21-03-2017)

(ചെക്ക് നമ്പർ 2368921/ 23-03-2017)

(ചെക്ക് നമ്പർ 2368928/ 30-03-2017)

നിർവ്വഹണം - ബി.ഡി.ഒ

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 6 ഗ്രാമപഞ്ചായത്തുകളിലെയും പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായാണ് പ്രസ്തുത പ്രോജക്ട് തയ്യാറാക്കി അംഗീകാരം നേടിയത്. പ്ലാന്റിനെ സംബന്ധിച്ച ഫീസിബിലിറ്റി സ്റ്റഡി നടത്തിയിരുന്നില്ല. 31-12-2016 ൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ആലോചനാ യോഗത്തിൽ സമാനമായ പ്രോജക്ടുകൾ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പഠനയാത്ര നടത്താൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 22-01-2017, 23-01-2017, 24-01-2017 തീയതികളിൽ ഭരണ സമിതി അംഗങ്ങൾ, മുദാക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സി.ഡി.എസ് ചെയർപേഴ്സൺ, ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്, കിഴുവിലം ഗ്രാമപഞ്ചായത്തിലെ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിലെ രണ്ട് ജീവനക്കാർ, വക്കം ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി, ജോയിന്റ് ബി.ഡി.ഒ, ജി.ഇ.ഒ, ഹെഡ്ക്ലാർക്ക് എന്നിവരടങ്ങുന്ന സംഘം പഠനയാത്ര നടത്തി. പഠനയാത്രയ്ക്കായി (യാത്ര, ഭക്ഷണം ഇനത്തിൽ) 68497 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പഠനയാത്രയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടുകളൊന്നും തന്നെ യാത്രാ ടീം തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (06/10-10-17, 07/11-10-17) നൽകിയ മറുപടിയിൽ പ്രസ്തുത പ്രോജക്ട് സ്പിൽ ഓവറാക്കി 2017-18 വർഷം അംഗീകാരം നേടിയെന്നും (പ്രോജക്ട് നം. 10/17-18) എന്നാൽ ഓഫീസ് കോമ്പൗണ്ടിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന യൂണിറ്റ് സ്ഥാപിക്കുന്നതിന് പ്രദേശവാസികളിൽ നിന്നും എതിർപ്പ് വന്നതിനാൽ അനുയോജ്യമായ ഭൂമി കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതായും സെക്രട്ടറി അറിയിച്ചു. പ്രദേശവാസികളുടെ ഒരു യോഗം പ്രാരംഭഘട്ടത്തിൽ തന്നെ വിളിച്ചു ചേർക്കുകയും ഫീസിബിലിറ്റി സ്റ്റഡി നടത്തുകയും ചെയ്തിരുന്നെങ്കിൽ പ്രസ്തുത സാഹചര്യം ഒഴിവാക്കാമായിരുന്നു.

പ്രോജക്ടിന്റെ ചെലവ് പദ്ധതി ചെലവിൽ ഉൾപ്പെടാതെ പോയത് വാർഷിക ധനകാര്യ പത്രിക തയ്യറാക്കുന്ന വേളയിൽ തന്നെ ഐ.കെ.എം.എക്സ്പേർട്ടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതാണെന്നും ഇക്കാര്യം ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. മേൽ പദ്ധതിയുടെ തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-2** <u>പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവർത്തികൾ- കരാറുകൾ</u>

## അപൂർണ്ണം

ബി.ഡി.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെപ്പറയുന്ന പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവർത്തികളിൽ വാട്ടർ അതോറിറ്റിയും സെക്രട്ടറിയും തമ്മിൽ ചമച്ചിരിക്കുന്ന കരാറുകൾ അപൂർണ്ണമാണ്. പ്രവർത്തി ആരംഭിക്കുന്ന തീയതി, പൂർത്തീകരിക്കുന്ന തീയതി എന്നിവ കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റിന് നമ്പരും തീയതിയും നൽകിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ നമ്പർ, പേര് | അടങ്കൽ | ചെലവ് (മുൻകൂറായി നൽകിയ തുക) | ബിൽ നം, തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 34/16-17 അരയത്തുരുത്തി-ചിറയിൻകീഴ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 75,000 | 75,000 | 13/16-17 തീയതി 07-01-2017 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി യിട്ടില്ല |
| 2 | 41/17 കൊട്ടാരം തുരുത്ത്-കായൽവാരം-ഇംതാദിയ കോളേജ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1,00,000 | 1,00,000 | 23/16-17 തീയതി 25-03-2017 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി യിട്ടില്ല |
| 3 | 36/17 അഞ്ചുതെങ്ങ്-സുനാമി കോളനി കേട്ടുപുരം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 75,000 | 75,000 | 12/16-17 തീയതി 30-12-2016 | വിനിയോഗ സാക്ഷ്യപത്രംകൈപ്പറ്റ് രസീത് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല |
| 4 | 35/17 അഞ്ചുതെങ്ങ് വടക്കുവിളാകം | 50,000 | 50,000 | 11/16-17 തീയതി 30-12-2016 | വിനിയോഗ സാക്ഷ്യപത്രംകൈപ്പറ്റ് രസീത് എന്നിവ |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | | ഹാജരാക്കി യിട്ടില്ല |

വിനിയോഗ സാക്ഷ്യപത്രം കൈപ്പറ്റ് രസീത് എന്നിവയുടെ അഭാവത്തിൽ ചെലവ് തുകയായ 300000/- രൂപ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/10-10-2017 ന് വരും വാർഷിക പദ്ധതികളിൽ ഇപ്രകാരം അപാകങ്ങൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും പ്രവർത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം എത്രയും വേഗം ഓഡിറ്റിനായി ഹാജരാക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 ചെലവ് വൗച്ചർ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.

ചുവടെപ്പറയുന്ന ചെലവ് വൗച്ചർ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/09-10-2017) മറുപടി ലഭ്യമാക്കിയില്ല.

| വൗച്ചർ നം, തീയതി | വിശദാംശം | തുക |
|---|---|---|
| 1139700<br>ബിൽ നം. 31 | ശ്രീമതി.മീനാകുമാരിക്ക് നൽകിയത്<br>(മറ്റ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല) | 20000 |

രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-4 ഐ.എ.വൈ ഭവന പദ്ധതി- നാളിതുവരെ നിർമ്മാണം പൂർത്തിയാക്കാത്ത വീടുകൾ 248 എണ്ണം

ഐ.എ.വൈ ഭവന പദ്ധതിയിൽ 2010-11 മുതൽ 2015-16 വരെയുള്ള കാലയളവിൽ നിർമ്മാണം ആരംഭിച്ചതും നാളിതുവരെ പണി പൂർത്തിയാക്കാത്തതുമായ ഭവനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | വീട് പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ തുക |
|---|---|---|---|
| 2010-11 | 501 | 36 | 1520000 |
| 2011-12 | 639 | 45 | 2401067 |
| 2012-13 | 558 | 41 | 3011531 |

| | | | |
|---|---|---|---|
| 2013-14 | 281 | 40 | 3893500 |
| 2014-15 | 345 | 28 | 1736880 |
| 2015-16 | 425 | 58 | 4363500 |
| ആകെ | | 248 | 16926478 |

ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് ആയത് പൂർത്തീകരിക്കാനുള്ള നടപടി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-5 ട്രൈസ്കൂട്ടർ വിതരണം- ലേണേഴ്സ് ലൈസൻസ് ഇല്ലാത്തവർക്ക് ആനുകൂല്യം നൽകി

പ്രോജക്ട് നമ്പർ - SOO24/17

പ്രോജക്ടിന്റെ പേര് - ഭിന്നശേഷിക്കാർക്കുള്ള ട്രൈസ്കൂട്ടർ

അടങ്കൽ - 1300000

ചെലവ് - 1047000

ബിൽ നമ്പർ - 0060175/31-03-2017

സി.ഡി.പി.ഒ നിർവ്വഹണഉദ്യോഗസ്ഥയായി 2016-17 വർഷം നിർവ്വഹണം നടത്തിയ പ്രോജക്ടായിരുന്ന ഭിന്നശേഷിക്കാർക്കുള്ള ട്രൈസ്കൂട്ടർ ഒരു ഗുണഭോക്താവിന് 69800/- രൂപ നിരക്കിൽ 15 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. പ്രസ്തുത പ്രോജക്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

എ) ആനുകൂല്യം കൈപ്പറ്റിയ ചുവടെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം കൈപ്പറ്റുമ്പോൾ ലേണേഴ്സ് ലൈസൻസ്/ ലൈസൻസ് ഉണ്ടായിരുന്നില്ല.

1. ശ്രീ.സജീവ്.റ്റി, പറങ്കിമാംവിള വീട്, കീഴാറ്റിങ്ങൽ പി.ഓ, കടയ്ക്കാവൂർ
2. ശ്രീ.അനിൽകുമാർ, കളിയിൽ വീട്, മഞ്ചാടിമൂട്,ചിറയിൻകീഴ്

ബി) ആനുകൂല്യം കൈപ്പറ്റിയ ചുവടെപ്പറയുന്ന ഗുണഭോക്താക്കളുടെ പുതുക്കിയ ലേണേഴ്സ് ലൈസൻസോ ഡ്രൈവിംഗ് ലൈസൻസോ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ലേണേഴ്സ് ലൈസൻസിന്റെ കാലാവധി |
|---|---|---|
| 1 | ശ്രീമതി.രശ്മി.ജെ, ലക്ഷ്മി ഭവൻ, പുരവൂർ, ചിറയിൻകീഴ് | 12/07/2017 വരെ |

| | | |
|---|---|---|
| 2 | ശ്രീമതി.ബി.ജയ, പണയിൽകോണം, ചരുവിള വീട്, പെരുംകുളം | 09/09/2017 വരെ |
| 3 | ശ്രീ.സജി.എസ്, പുറന്തേവിള വീട്, പൊയ്കമുക്ക്, മുദാക്കൽ | 22/09/2017 വരെ |
| 4 | ശ്രീ.രാജേന്ദ്രൻ, റ്റി.എസ്. വില്ല, നെടുങ്ങണ്ട, അഞ്ചുതെങ്ങ് | 16/08/2017 വരെ |
| 5 | ശ്രീ.രാജീവൻ, വിളയിൽ പുത്തൻവീട്, മഞ്ചാടിമൂട്, ചിറയിൻകീഴ് | 01/09/2017 വരെ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/12-10-17) നൽകിയ വിശദീകരണം തൃപ്തികരമല്ല. അതിനാൽ 7 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച തുക 488600/-(69800x7) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും ലേണേഴ്സ് ലൈസൻസ്/ഡ്രൈവിംഗ് ലൈസൻസ് വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-6 അംഗപരിമിതർക്ക് സർജിക്കൽ ഉപകരണം വാങ്ങൽ- വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്യാനായില്ല

പ്രോജക്ട് നമ്പർ - S0025/17

പ്രോജക്ടിന്റെ പേര് - അംഗപരിമിതർക്ക് സർജിക്കൽ ഉപകരണം വാങ്ങൽ (എസ്.സി.പി)

അടങ്കൽ - 500000

ചെലവ് - 47450

ബിൽ നമ്പർ - 006157/28-03-2017

സി.ഡി.പി.ഒ നിർവ്വഹണോദ്യോഗസ്ഥയായ മേൽ പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹാൻഡിക്യാപ്പ്ഡ് പേഴ്സൺസ് വെൽഫയർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് നമ്പർ 427/B3/2017/HPWC തീയതി 22-03-2017പ്രകാരം 7900 രൂപ നിരക്കിൽ രണ്ട് വീൽ ചെയറുകൾ വാങ്ങിയെങ്കിലും ഒരെണ്ണം മാത്രമാണ് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് നൽകിയ മറുപടിയിൽ വീൽചെയർ യഥാർത്ഥ ഗുണഭോക്താവ് നിരസിച്ചതിനാൽ വിതരണം ചെയ്യാൻ സാധിച്ചില്ലെന്ന് നിർവ്വഹണോദ്യോസ്ഥയായ സി.ഡി.പി.ഒ അറിയിച്ചു. അർഹരായ ഗുണഭോക്താവിനെ കണ്ടെത്തി അടിയന്തിരമായി വീൽചെയർ വിതരണം ചെയ്യേണ്ടതും പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങൽ– ആവശ്യകത നിർണ്ണയിക്കാതെ ഉപകരണങ്ങൾ വാങ്ങി

പ്രോജക്ട് നമ്പർ - SOO11/17

പ്രോജക്ടിന്റെ പേര് - ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങൽ (ജനറൽ)

അടങ്കൽ - 1000000

ചെലവ് - 390725

ബിൽ നമ്പർ - 006160/28-03-2017

സി.ഡി.പി.ഒ നിർവ്വഹണോദ്യോഗസ്ഥയായ മേൽ പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹാൻഡിക്യാപ്പ്ഡ് പേഴ്സൺസ് വെൽഫയർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് നമ്പർ 427/B3/ 2017/HPWC തീയതി 22-03-2017പ്രകാരം വാങ്ങിയ താഴെപ്പറയുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടില്ല.

| ക്രമ നം. | ഉപകരണത്തിന്റെ വിശദാംശം | എണ്ണം, അടിസ്ഥാന വില | ആകെ വില |
|---|---|---|---|
| 1 | ക്രച്ചസ് | 15 @ 925 | 13875 |
| 2 | സർജിക്കൽ ഷൂ | 1 ജോഡി @ 1850 | 1850 |
| ആകെ | | | 15725 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് നൽകിയ മറുപടിയിൽ മേൽ ഉപകരണങ്ങൾ കൈപ്പറ്റുവാൻ ഗുണഭോക്താക്കൾ നിരസിച്ചതിനാൽ വിതരണം ചെയ്യാൻ സാധിച്ചില്ലെന്ന് നിർവ്വഹണോദ്യോസ്ഥയായ സി.ഡി.പി.ഓ അറിയിച്ചു. സർക്കാർ ഉത്തരവ് (എം.എസ്) 04/2016/lsgd തീയതി 11-01-2016 പ്രകാരം ഭിന്നശേഷിയുള്ള ഗുണഭോക്താക്കൾക്ക് ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും നിശ്ചയിച്ച ശേഷം മാത്രമേ പദ്ധതി നടപ്പിലാക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ആവശ്യമുള്ളതും അനുയോജ്യമായതുമായ ഉപകരണങ്ങൾ വാങ്ങാതിരുന്നതാണ് പ്രോജക്ട് ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാതിരുന്നതിന് കാരണം. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി മേൽ ഉപകരണങ്ങൾ വിതരണം ചെയ്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വരും വർഷങ്ങളിൽ ഈ അപാകം ആവർത്തിക്കാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-8 പത്താം ക്ലാസ്/ഹയർ സെക്കണ്ടറി തുല്യതാ പഠനം- പരീക്ഷയെഴുതിയവരുടെ വിവരം ഫയലിൽ ലഭ്യമല്ല.

പ്രോജക്ട് നമ്പർ - SOOO5/16-17

പ്രോജക്ടിന്റെ പേര് - പത്താംക്ലാസ് തുല്യതാ പഠനം

അടങ്കൽ - 193750

ചെലവ് - 82500

ബിൽ നമ്പർ - 24/25-03-2017

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്

പത്താംക്ലാസ് തുല്യതാ പഠനത്തിന് അപേക്ഷിച്ച 55 പേർക്ക് കോഴ്സ് ഫീസ് ഇനത്തിൽ (@1500) 82500/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

പ്രോജക്ട് നമ്പർ - SOO33/16-17

പ്രോജക്ടിന്റെ പേര് - പത്താംക്ലാസ് തുല്യതാ പഠനം (ഹയർ സെക്കണ്ടറി)

അടങ്കൽ - 164250

ചെലവ് - 164250

ബിൽ നമ്പർ - 11/27-11-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്

ഹയർ സെക്കണ്ടറി തുല്യതാ പഠനത്തിന് അപേക്ഷിച്ച 73പേർക്ക് കോഴ്സ് ഫീസ് ഇനത്തിൽ (@2250) 164250 രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് ഡി.ഡി മുഖാന്തിരം (ഡി.ഡി നമ്പർ 698243/27-12-2016) നൽകിയിട്ടുണ്ട്.

എന്നാൽ മേൽ പ്രോജക്ടുകൾ പ്രകാരം ആനുകൂല്യം ലഭിച്ച അപേക്ഷകരിൽ എത്രപേർ പരീക്ഷക്ക് ഹാജരായി, എത്രപേർ വിജയിച്ചു എന്നത് സംബന്ധിച്ച രേഖകൾ (ഹാൾ ടിക്കറ്റ്, സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ) ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ പ്രോജക്ടുകൾക്കായി ചെലവവഴിച്ച 246750/- രൂപ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 07/12-10-2017) ഹാൾ ടിക്കറ്റുകളുടെ പകർപ്പുകൾ അടിയന്തിരമായി വാങ്ങി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത രേഖകൾ ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-9** വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ– സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - SOO46/17

പ്രോജക്ടിന്റെ പേര് - വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ - 200277

ചെലവ് - 199750

ബിൽ നമ്പർ - 27/30-03-2017

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2016-17 വർഷം നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ വിവിധ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും Ms Essential Computer Care എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ പ്രകാരം വാങ്ങി (ഇൻവോയിസ് നം. 868/28-03-2017). എന്നാൽ ഇവയുടെ

വിതരണം സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ എൻക്വയറി നമ്പർ 11/12-10-2017 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് ഹാജരാക്കിയില്ല. ഇക്കാരണത്താൽ 199750 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-10 ചെലവ് രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - 28/16-17

പ്രോജക്ടിന്റെ പേര് - ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾ

അടങ്കൽ - 2000000

ചെലവ് - 2000000

ബിൽ നമ്പർ - 01/16-17 തീയതി 16-11-2016 (10,00,000/-)

02/16-17 തീയതി 23-02-2017 (10,00,000/-)

ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവിനത്തിൽ പ്രോജക്ട് പ്രകാരം 2000000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബിൽ നമ്പർ 01 പ്രകാരമുള്ള ചെലവിന്റെ വൗച്ചറുകൾ മാത്രമാണ് പരിശോധനയ്ക്കായി ഹാജരാക്കിയത്. ബിൽ നം. 2 പ്രകാരം ചെലവഴിച്ച 10,00,000 രൂപയുടെ ചെലവ് രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 08/11-10-2017) നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല. ഇക്കാരണത്താൽ 10,00,000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ചെലവ് രേഖകൾ അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

## 3-11 ചെലവ് രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.

A) പ്രോജക്ട് നമ്പർ - 15/16-17

പ്രോജക്ടിന്റെ പേര് - കറവപ്പശു വിതരണം (ജനറൽ)

അടങ്കൽ - 14,80,000/- (7,40,000 വികസന ഫണ്ട്, 7,40,000 ഗു.വി)

ചെലവ് - 14,80,000/- (7,40,000 വികസന ഫണ്ട്, 7,40,000 ഗു.വി)

ബിൽ നമ്പർ - 01/16-17 തീയതി 15-03-2017 (2,00,000)

04/16-17 തീയതി 23-03-2017 (1,40,000)

08/16-17 തീയതി 30-03-2017 (1,20,000)

09/16-17 തീയതി 31-03-2017 (2,80,000)

നിർവ്വഹണം - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

B) പ്രോജക്ട് നമ്പർ - 16/16-17

പ്രോജക്ടിന്റെ പേര്- കറവപ്പശു വിതരണം (എസ്.സി.പി)

അടങ്കൽ - 7,20,000/- (3,60,000 വികസന ഫണ്ട്, 3,60,000 ഗു.വി)

ചെലവ് - 7,20,000/- (3,60,000 വികസന ഫണ്ട്, 3,60,000 ഗു.വി)

ബിൽ നമ്പർ - 02/16-17 തീയതി 15-03-2017 (1,00,000)

03/16-17 തീയതി 23-03-2017 (80,000)

10/16-17 തീയതി 31-03-2017 (80,000)

10/16-17 തീയതി 31-03-2017 (1,00,000)

ക്രമ നമ്പർ 1 പ്രകാരമുള്ള പ്രോജക്ടിൽ കറവപ്പശു വാങ്ങുന്നതിന് 13 പേരടങ്ങുന്ന മേൽകടയ്ക്കാവൂർ ഗ്രൂപ്പ്, 14 പേരടങ്ങുന്ന പാലകുന്ന് ഗ്രൂപ്പ്, 10 പേരടങ്ങുന്ന ഇടയ്ക്കോട്-മുദാക്കൽ ഗ്രൂപ്പ് എന്നീ ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത് ഒരു ഗുണഭോക്താവിന് 20,000/- രൂപ ഗുണഭോക്തൃ വിഹിതം, 20,000/- രൂപ പദ്ധതി വിഹിതം എന്നീ ക്രമത്തിൽ 37 ഗുണഭോക്താക്കൾക്കായി ആകെ 14,80,000/- രൂപ ചെലവഴിച്ചു.

ക്രമനമ്പർ 2 പ്രകാരമുള്ള പ്രോജക്ടിൽ 18 പേരടങ്ങുന്ന കാട്ടുമുറാക്കൽ ഗ്രൂപ്പിന് 20,000/- രൂപ ഗുണഭോക്തൃ വിഹിതം, 20,000/- രൂപ പദ്ധതി വിഹിതം എന്നിങ്ങനെ ആകെ 7,20,000/- രൂപ ചെലവഴിച്ചു.

പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് സംസ്ഥാനത്തിന് പുറത്ത് നിന്നും പശുവിനെ വാങ്ങി വിതരണം നടത്തുക എന്നതായിരുന്നു രണ്ട് പദ്ധതിയിലും വിഭാവനം ചെയ്തിരുന്നത്. അത് പ്രകാരം തമിഴ്നാട്ടിലെ ക്ഷീരകർഷകരിൽ നിന്നും പശുവിനെ വാങ്ങി വിതരണം ചെയ്തു. പ്രസ്തുത പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ ചുവടെചേർക്കുന്ന അപാകങ്ങൾ കാണുന്നു.

എ) ഗുണഭോക്തൃ വിഹിതം കൈമാറിയതിന്റെ രേഖകളായ ഗുണഭോക്താക്കളുടെ ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

ബി) പശുവിനെ ആരിൽനിന്നാണോ വാങ്ങിയത് ആ വ്യക്തിയുടെ അക്കൗണ്ടിൽ ക്യാഷ് ട്രാൻസ്ഫർ ചെയ്തതിന്റെ വിവരം, ഗുണഭോക്തൃ വിഹിതം, പദ്ധതി വിഹിതം എന്നിവ അക്കൗണ്ടിൽ ക്രഡിറ്റ് ആയതിന്റെ രേഖ (പാസ്സ് ബുക്കിന്റെ കോപ്പി) എന്നിവ ഹാജരാക്കിയിട്ടില്ല.

സി) ഓരോ സംഘത്തിന്റെയും പ്രവർത്തന റിപ്പോർട്ട്, ക്യാഷ് ബുക്ക് എന്നിവ കൃത്യമായി എഴുതി ആയത് ഹാജരാക്കിയിട്ടില്ല.

ഡി) ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത കമ്മിറ്റി തീരുമാനം ഹാജരാക്കിയില്ല.

ഇ) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

എഫ്) പർച്ചേസ് കമ്മിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട മിനിട്സ് എഴുതി പൂർത്തിയാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/13-10-2017)

രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. രേഖകളുടെ അഭാവത്തിൽ പദ്ധതികൾക്കായി ചെലവഴിച്ച തുക 11,00,000 (740000+360000) രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 പാലിയേറ്റീവ് കെയർ പ്രോജക്ട് - മരുന്ന് ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.

എ) പ്രോജക്ട് നമ്പർ - 27/16-17

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് പരിചരണ പദ്ധതി

അടങ്കൽ - 500000

ചെലവ് - 500000

ബിൽ നമ്പർ - 3/16-17 തീയതി 29-03-2017

ബി) പ്രോജക്ട് നമ്പർ - 44/16-17

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് പരിചരണ പദ്ധതി (സ്പിൽ ഓവർ)

അടങ്കൽ - 500000

ചെലവ് - 500000

ബിൽ നമ്പർ - 6/16-17 തീയതി 31-03-2017

നിർവ്വഹണം - സൂപ്രണ്ട്, താലൂക്ക് ആശുപത്രി, ചിറയിൻകിഴ്

മേൽ പ്രോജക്ടുകൾ പ്രകാരം ലഭിച്ച മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ വിശദാംശങ്ങൾ, പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, വൗച്ചറുകൾ എന്നിവ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം08/11-10-2017) ആയവ ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ മേൽ പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 3-13 മരുന്ന് വാങ്ങൽ പ്രോജക്ട് - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

എ) പ്രോജക്ട് നമ്പർ - SOO48/17

പ്രോജക്ടിന്റെ പേര് - സാമൂഹ്യ മാനസികാരോഗ്യ പദ്ധതി

അടങ്കൽ - 2,00,000

ചെലവ് - 2,00,000

ബിൽ നമ്പർ - 6/16-17 തീയതി 27-03-2017

നിർവ്വഹണം - മെഡിക്കൽ ഓഫീസർ -സി.എച്ച്.സി

പ്രസ്തുത പ്രോജക്ടിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും

നാളിതുവരെ മരുന്നുകളൊന്നും ലഭ്യമായിട്ടില്ല.

ബി) പ്രോജക്ട് നമ്പർ - S0030/17

പ്രോജക്ടിന്റെ പേര് - സർക്കാർ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 400000

ചെലവ് - 400000

ബിൽ നം - 04/16-17 തീയതി 14-03-2017 (1,00,000)
05/16-17 തീയതി 14-03-2017 (50,000)
09/16-17 തീയതി 31-03-2017 (2,00,000)
02/16-17 തീയതി 13-12-2016 (50,000)

ആകെ 4,00,000 രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയെങ്കിലും 213470 രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളൂ.

മേൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മരുന്നുകൾ വാങ്ങുന്നതിന് മുൻപ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ചെലവ് തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതോടൊപ്പം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക | തിരികെ ലഭിക്കാ നുള്ള |
| --- | --- | --- | --- | --- | --- | --- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തുക |
| കേരള വാട്ടർ അതോറിറ്റി | അരയത്തുരുത്തി - ചിറയിൻകീഴ് പൈപ്പ് ലൈൻ | ലഭ്യമാക്കിയില്ല | 75,000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | | |
| | അഞ്ചുതെങ്ങ്- വടക്കുവിളാകം പൈപ്പ് ലൈൻ | ലഭ്യമാക്കിയില്ല | 50,000 | | | |
| | അഞ്ചുതെങ്ങ് - സുനാമി കോളനി പൈപ്പ് ലൈൻ | ലഭ്യമാക്കിയില്ല | 75,000 | | | |
| | കൊട്ടാരംതുരുത്ത്- കായൽവാരം പൈപ്പ് ലൈൻ | | 1,00,000 | | | |

## **4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## **4-4** വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഓ(എം.എസ്)/ 1523/10/lsgd | 5463350 | 2731675 | 546335 | | 2185340 |

| | | | | | | |
|---|---|---|---|---|---|---|
| | തീയതി, 05-05-10 | | | | | |
| IAY | ജി.ഓ (എം.എസ്)/ നം. 90/13/lsgd തീയതി, 14-08-13 | 7867950 | 6294360 | 1573590 | - | 4720770 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 123489685 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 80647056 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4355100 |

(ബി) *പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

*സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-2 | 300000/- | ശ്രീ.ജയകുമാർ, സെക്രട്ടറി, ചിറയിൻകിഴ് ബ്ലോക്ക് പഞ്ചായത്ത് |
| 3 – 3 | 20,000/- | ശ്രീ.ഫൈസി<br>സെക്രട്ടറി, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് |
| 3-5 | 488600/- | ശ്രീമതി.കല, സി.ഡി.പി.ഒ, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് |
| 3-8 | 246750/- | ശ്രീ.ജയകുമാർ, സെക്രട്ടറി, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് |
| 3-9 | 199750/- | ശ്രീ.ജയകുമാർ, സെക്രട്ടറി, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് |
| 3-10 | 10,00,000/- | ഡോ.കെ.ഗീത, സൂപ്രണ്ട്-ചിറയിൻകീഴ് താലൂക്ക് ആശുപത്രി |
| 3-11 | 11,00,000/- | ശ്രീമതി.ഗൗരി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-12 | 10,00,000/- | ഡോ.കെ.ഗീത, സൂപ്രണ്ട്-ചിറയിൻകീഴ് താലൂക്ക് ആശുപത്രി |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96<br>1996-97 | എൽ.എഫ്.റ്റി.ഡി.7 (ബി)202/99<br>തീയതി: 9.07.99 | 4 | |
| 1997-98 | എൽ.എഫ്.റ്റി.ഡി.7(ബി)702/99 | 7 | |

| | | | |
|---|---|---|---|
| | തീയതി: 9.07.99 | | |
| 1998-99 | എൽ.എഫ്.റ്റി.ഡി.7(ബി)1780/99<br>തീയതി: 4.08.2000 | 7 | |

| | | |
|---|---|---|
| 99-2000 | എൽ.എഫ്.റ്റി. ഡി.7(എ) 1062/2000 തീയതി.16.05.2001/14.08.2001 | 1 |
| 2000-01 | എൽ.എഫ്.റ്റി.ഡി.7(എ)658/2002 തീയതി. 4.02.2003 | 12 |
| 2001-02 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)1957/05 തീയതി: 5.04.06/7.08.06 | - |
| 2002-03 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)1957(a)/2005 തീയതി: 8.6.2006 | 4 |
| 2003-04 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)2134/06 തീയതി:25.06.07/7.10.07 | 5 |
| 2004-05 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)2133/2006 തീയതി:26.6.07/7.10.07 | 3 |
| 2005-06 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)477/08 തീയതി:12.08.08/4.09.08 | 10 |
| 2006-07 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)/377/09 തീയതി:4.11.09/11.1.10 | 10 |
| 2007-08 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)689/10 തീയതി:6.12.10/7.2.11 | 8 |
| 2008-09 | എൽ.എഫ്.റ്റി.ഡി(ബി&ഡി)690/2011 തീയതി:6.02.10/9.02.11 | 9 |
| 2009-10 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)309/12 തീയതി:28.06.12 | 3 |
| 2010-11 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)523/12 തീയതി:28.06.12 | 6 |
| 2011-12 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)1064/13 തീയതി: 25.07.13/3.09.13 | 4 |
| 2012-13 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)/858/14<br>തീയതി: 31.07.14/30.09.14 | 3 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം-ബി&ഡി 258/2016 | 15 |

| | | |
|---|---|---|
| | തീയതി. 09-03-16 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം-ബി&ഡി 773/2016<br>തീയതി. 10-06-16 | 12 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം-ബി&ഡി 259/2017<br>തീയതി. 03-02-17 | 11 |

ഒപ്പ്

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 4

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016–17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധി ച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികയിൽ വിശദീകരിച്ചിട്ടുള്ളതു പോലെ 4355100/-രൂപയുടെ തടസ്സവും ചുവടെ ചേർത്തിട്ടുള്ള ന്യൂനതകളും ഉൾപ്പെടെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ന്യൂനതകൾ

എ) ഇ.എം.എസ് + ഐ.എ.വൈ ലോൺ ഔട്സ്റ്റൻഡിംഗ് വാർഷിക ധനകാര്യ പത്രിക പ്രകാരം 7692905/- രൂപയാണ്. രജിസ്റ്റർ പ്രകാരം 6906110/- രൂപയെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 786795/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

ബി) സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2016-17 വർഷം നടപ്പിലാക്കിയ പ്രോജക്ട്

നമ്പർ- S0040/17 ( പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം) പ്രകാരം 68497/- രൂപ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയത് പദ്ധതിച്ചെലവിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

ഒപ്പ്

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്